I. ഇ.ബി.XV-കേരള നിയമസഭ/XIV-5

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 സെപ്റ്റംബർ 19, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 3233-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 11-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത 3233-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളി അനുമതിയില്ലാതെ ഇളക്കിമാറ്റിയതായും സ്വർണ്ണപാളിയുടെ ഭാരം നാല് കിലോയോളം കുറഞ്ഞതായി കണ്ടെത്തിയതായും സർക്കാർ ശബരിമലയോട് അവഗണന കാട്ടുന്നതായും

പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ചട്ടം 52(vii) അനുസരിച്ച് നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കോടതിയുടെ പരിഗണനയിലുള്ള വിഷയം സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് അറിയാമായിരുന്നിട്ടും പ്രതിപക്ഷം ഇത് ഉയർത്തിക്കൊണ്ടുവന്നത് ദുരുദ്ദേശ്യപരമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ശബരിമലയിലെ ദ്വാരപാലക ശില്പത്തിലെ സ്വർണ്ണപാളികൾ അനുവാദമില്ലാതെ ഇളക്കിമാറ്റിയതുമായി ബന്ധപ്പെട്ട കേസ് കോടതിയുടെ പരിഗണനയിലായതിനാൽ സഭയിൽ ചർച്ചയാകരുത് എന്നുള്ള അങ്ങയുടെ റൂളിങ് പ്രസക്തമാണ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കോടതിയുടെ പരിഗണനയിലുള്ള വിഷയം സഭയിൽ ഉന്നയിച്ചത് ആഗോള അയ്യപ്പ സംഗമത്തിന് മങ്ങലേല്പിക്കാനുള്ള പ്രതിപക്ഷത്തിന്റെ പാഴ്ശ്രമമാണ്. അതിന്മേലുള്ള അങ്ങയുടെ റൂളിങ്ങിനോട് യോജിക്കുന്നു.

## III ശ്രദ്ധക്ഷണിക്കൽ

പേപ്പർ ഗ്ലാസ്സുകൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. മാത്യു ടി. തോമസ്: പ്ലാസ്റ്റിക് ഗ്ലാസ്സുകൾ നിരോധിച്ചതിനെത്തുടർന്ന് ഉപയോഗത്തിൽവന്ന പേപ്പർ ഗ്ലാസ്സുകൾ ഗുരുതര ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്. രാസപദാർഥങ്ങൾ ഉപയോഗിച്ച് പെയിന്റ് ചെയ്യുന്ന പേപ്പർ ഗ്ലാസ്സുകളിൽ ചൂട് ദ്രാവകങ്ങൾ ഒഴിച്ചാൽ മൈക്രോപ്ലാസ്റ്റിക്സ് അതിൽ കലരുന്നതിനിടയാകും. ഇത് കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് കാരണമാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതിനാൽ പേപ്പർ ഗ്ലാസ്സുകൾ പൂർണ്ണമായി നിരോധിക്കുകയോ ചൂട് ദ്രാവകങ്ങൾ അവയിൽ വിളമ്പുന്നത് നിരോധിക്കുകയോ ചെയ്യണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്ലാസ്റ്റിക് കോട്ടിങ്ങുള്ളതും ഒറ്റത്തവണ ഉപയോഗിക്കുന്നതുമായ പ്ലാസ്റ്റിക് വസ്തുക്കൾക്ക് സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം ഡിസ്പോസബിൾ പ്ലാസ്റ്റിക് ഉൽപന്നങ്ങളും നിരോധിച്ചിട്ടുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപ്പെടുത്തിയ പോളിലാക്റ്റിക് ആസിഡ് കോട്ടിങ്ങുള്ള പേപ്പർ ഗ്ലാസ്സുകളും പ്ലേറ്റുകളും മാത്രമാണ് ഉപയോഗിക്കാൻ

അനുവാദമുള്ളത്. കമ്പോസ്റ്റബിൾ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റും സെൻട്രലൈസ്ഡ് ഇ.പി.ആർ. പോർട്ടലിൽ രജിസ്ട്രേഷനും ആവശ്യമാണ്. ഡിസ്പോസബിൾ പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതോടൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. സ്വകാര്യ-പൊതു പരിപാടികളിൽ സ്റ്റീൽ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിന് കർശന നിർദേശം നൽകുകയും ഗ്രീൻ പ്രോട്ടോക്കോൾ സമിതികൾക്ക് രൂപംനൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും പ്രത്യേക എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയുമാണ്.

(2) <u>ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യ വിതരണം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. തൊഴിലാളി-തൊഴിലുടമ വിഹിതം അടയ്ക്കുന്നുണ്ടെങ്കിലും ഗവൺമെന്റ് വിഹിതം നൽകാത്തതുകൊണ്ടാണ് തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകാത്തത്. വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷനും കുടിശ്ശികയായതിനാൽ തൊഴിലാളികൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അടിയന്തരമായി സർക്കാർ വിഹിതം നൽകിക്കൊണ്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സംസ്ഥാനത്തെ 33 ക്ഷേമനിധി ബോർഡുകളിൽ 16 എണ്ണം തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. തനതുഫണ്ടുപയോഗിച്ച് ആനുകൂല്യം വിതരണം ചെയ്യുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെങ്കിലും 2025 മാർച്ച് വരെയുള്ള മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സെസ് പിരിവ് ഊർജിതമാക്കിയിട്ടുള്ളതിനാൽ കളക്ഷനിലുണ്ടാകുന്ന വർധനവിനനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ മുഖേന ഒമ്പത് വർഷംകൊണ്ട് പതിനായിരം കോടിയോളം രൂപ വിതരണം ചെയ്തിട്ടുണ്ട്.

## IV സബ്മിഷൻ

### (1) കെ. എസ്. യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): തൃശ്ശൂരിൽ കെ.എസ്.യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കോഴിക്കോട് സർവകലാശാല ഡി-സോൺ കലോത്സവവുമായി

ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ 19-08-2025-ന് ഗണേഷ് എന്ന ആൾ ഉൾപ്പെടെ കുറച്ചുപേർ ചേർന്ന് രണ്ട് വിദ്യാർഥികളെ ദേഹോപദ്രവമേല്പിക്കുകയും പണവും മൊബൈൽഫോണും കവരുകയുംചെയ്ത സംഭവത്തിൽ വടക്കാഞ്ചേരി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഐഡന്റിഫിക്കേഷന് മുന്നോടിയായി പ്രതികളെ പൊതുമണ്ഡലത്തിൽ തിരിച്ചറിയാതിരിക്കാൻ വേണ്ടിയാണ് മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയത്. വിദ്യാർഥികളെ വിലങ്ങുവച്ച നടപടിയോട് സർക്കാരിന് യോജിക്കാനാകില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്താനും സ്റ്റേഷൻ ഹൗസ് ഓഫീസറെ സ്ഥലം മാറ്റാനും തീരുമാനിച്ചിട്ടുണ്ട്.

(2) <u>എറിയാട്-എടവിലങ്ങാട് തീരപ്രദേശത്ത് ടെട്രാപോഡ് സംവിധാനം</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: എറിയാട്, എടവിലങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശത്ത് ടെട്രാപോഡ് സ്ഥാപിക്കുന്നതിനും ശ്രീനാരായണപുരം, മതിലകം, കയ്പമംഗലം ഗ്രാമപഞ്ചായത്തുകളിൽ ജിയോ ട്യൂബുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): എറിയാട്, എടവിലങ്ങാട് പഞ്ചായത്തുകളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. മതിലകം പഞ്ചായത്തിലെ കടൽത്തീര സംരക്ഷണ പ്രവൃത്തികൾക്കായി ലോകബാങ്കിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എറിയാട്, എടവിലങ്ങാട്, എസ്.എൻ.പുരം പഞ്ചായത്തുകളിൽ ജിയോ ബാഗ്

ഉപയോഗിച്ചുള്ള പുതിയ പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികളുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് പ്രവൃത്തി നടപ്പാക്കുന്നതാണ്.

(3) ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവം

ശ്രീ. സി. ആർ. മഹേഷ്: ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവവുമായി ബന്ധപ്പെട്ട് കെട്ടുകാഴ്ച കടന്നുപോകുന്ന പ്രദേശങ്ങളിൽ എച്ച്.റ്റി./എൽ.റ്റി. ലൈനുകൾക്കുപകരം ഭൂഗർഭ ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ കെട്ടുകാഴ്ച കടന്നുപോകുന്ന പ്രദേശങ്ങളിൽ ഇലക്ട്രിക് ലൈൻ അഴിച്ചുമാറ്റുന്നതുമൂലമുള്ള വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ക്ഷേത്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലത്തുമാത്രം എച്ച്.റ്റി./എൽ.റ്റി. ലൈനുകൾമാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനായി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(4) ആര്യനാട് ഗവ. ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം

ശ്രീ. ജി. സ്റ്റീഫൻ: ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ആര്യനാട് ഐ.ടി.ഐ.-യിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 90 ലക്ഷം രൂപയുടെ ഭരണാനുമതി 2009-ൽ നൽകിയെങ്കിലും സൈറ്റ് ക്ലിയർ ചെയ്യുന്നതിന് കാലതാമസം നേരിട്ടതിനാൽ 2012-ൽ കോൺട്രാക്ടർ നിർമ്മാണ

പ്രവർത്തനം അവസാനിപ്പിച്ചു. തുടർന്ന് 2022-ൽ ട്രെയിനിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽവച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചെങ്കിലും നിലവിലുള്ള സ്ട്രക്ച്ചറിന് ബലക്ഷയം സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയതിനാൽ ഹോസ്റ്റൽ നിർമ്മാണത്തിന് പുതിയ സ്ഥലം കണ്ടെത്തണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ ട്രെയിനിങ് വകുപ്പിലെ സ്റ്റേറ്റ് സിവിൽ വർക്ക്സ് മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശകളിൽ പരിഗണിക്കാൻ കഴിയുന്നവ സംബന്ധിച്ച് അഭിപ്രായം അറിയിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(5) <u>നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണം</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ആർ. കേളു</u>): നെന്മാറ-ഒലിപ്പാറ റോഡിന്റെ ആദ്യ ഒരു കിലോമീറ്റർ റണ്ണിങ് കോൺട്രാക്ട് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. കുടിവെള്ള പൈപ്പ് ലൈനുമായി ബന്ധപ്പെട്ട് മുടങ്ങിക്കിടന്നിരുന്ന 1.00 മുതൽ 11.833 കിലോമീറ്റർ വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികൾ തടസ്സമില്ലാതെ മുന്നോട്ടുപോകുന്നുണ്ട്. കൾവെർട്ടുകൾ, പാർശ്വഭിത്തി, കോൺക്രീറ്റ് ഓടകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയിൽ

കണ്ടെത്തിയ കുറവുകൾ പരിഹരിക്കണമെന്നും അല്ലാത്തപക്ഷം ടെർമിനേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും കരാറുകാരനെ അറിയിച്ചിട്ടുണ്ട്.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി X-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള വന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും.

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറ്, ഏഴ് റിപ്പോർട്ടുകൾ

(കുന്നംകുളത്തെ കസ്റ്റഡി മർദനത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കംചെയ്യാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

## IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ

ശ്രീ. എം. വിജിൻ: 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സംസ്ഥാനത്തെ പുസ്തക പ്രസാധക മേഖലയിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുള്ള ബില്ലിനാണ് അവതരണാനുമതി തേടിയിരിക്കുന്നത്. കേരളത്തിൽ പുസ്തക പ്രസാധക രംഗത്തോ പുസ്തക വിപണന രംഗത്തോ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പുസ്തക പ്രകാശനം എന്നത് സ്വതന്ത്രമായി നിലനിർത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള പുസ്തക പ്രസാധക സംഘങ്ങളുടെ നവീകരണത്തിനും അതിലൂടെ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും സർക്കാർ സന്നദ്ധമാണ്. അതിന് ഇത്തരത്തിലൊരു നിയമനിർമ്മാണം ആവശ്യമാണെന്ന് കരുതുന്നില്ല. ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയ ബിൽ വിശാലമായ കാഴ്ചപ്പാടോടെയും നിയമം, പൊതുഭരണം എന്നീ വകുപ്പുകളുമായുള്ള വിശദമായ പരിശോധനയ്ക്കുശേഷവും തീരുമാനിക്കേണ്ട ഒന്നാണ്. അതിനാൽ ബിൽ ഇപ്പോൾ അംഗീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. എം. വിജിൻ: ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നിരവധി പുതുമുഖ എഴുത്തുകാർ സാഹിത്യ ലോകത്തേക്ക് കടന്നുവരികയും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയും

ചെയ്തതോടുകൂടി പുസ്തകങ്ങൾക്ക് കൂടുതൽ ആവശ്യക്കാരുണ്ടായിട്ടുണ്ട്. എന്നാൽ കുത്തക സ്വഭാവത്തിൽ പ്രവർത്തിച്ചുവന്നിരുന്ന പ്രസാധകരിൽനിന്ന് ഈ എഴുത്തുകാർക്ക് കടുത്ത ചൂഷണം നേരിടേണ്ടിവരുന്നുണ്ട്. പുതുമുഖ എഴുത്തുകാരും നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. പുസ്തക പ്രസാധക മേഖലയിൽ ആവശ്യമായ നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാത്തതിനാൽ വൻകിട പ്രസാധകരോട് മത്സരിച്ച് നിൽക്കാൻ കഴിയാത്തവിധം ചെറുകിട പ്രസാധകർ പ്രതിസന്ധി നേരിടുകയാണ്. ചെറുകിട പുസ്തക പ്രസാധകരംഗത്ത് ശ്രദ്ധേയമായ ഇടപെടൽ നടത്താനും പുതുമുഖ എഴുത്തുകാരുടെ പ്രയാസങ്ങൾ മറികടക്കാനുമുതകുന്ന ബില്ലാണിത്. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം മുഖാന്തരം എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്ന് ലൈബ്രറികൾക്കും സ്കൂളുകൾക്കും പുസ്തകങ്ങൾ വാങ്ങുന്നതിന് സഹായം നൽകാൻ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് പ്രസാധകർക്ക് പണം നൽകുന്ന സാഹചര്യം ഈ ബില്ലിലൂടെ ഒഴിവാക്കാൻ കഴിയും. (ചർച്ച തുടരും)

(ii) 2025-ലെ തെരുവോര പുനരധിവാസ ബിൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: 2025-ലെ തെരുവോര പുനരധിവാസ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീമതി സി. കെ. ആശ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): തെരുവോര കച്ചവടക്കാരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി 'വഴിയോരക്കച്ചവട സംരക്ഷണ-നിയന്ത്രണ (ഉപജീവന

സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം, 2014' എന്ന കേന്ദ്രനിയമം നിലവിലുണ്ട്. 2019-ൽ തെരുവോര കച്ചവടക്കാർക്ക് മാത്രമായി പ്രത്യേക പദ്ധതി രൂപീകരിച്ച് 39 നഗരസഭകളിൽ വെൻഡിങ് സോണുകൾ കണ്ടെത്തുകയും പി.എം. സ്വാനിധി പദ്ധതി പ്രകാരം ഉപജീവനമാർഗം കണ്ടെത്തുന്നതിനായി വായ്പ അനുവദിക്കുകയും ചെയ്തുവരികയാണ്. പ്രസ്തുത സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യകതയില്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നാക്കാവസ്ഥയിലുള്ള, ഭവനരഹിതരായ, തെരുവോരത്ത് അലഞ്ഞുതിരിയുന്നവരെ സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. അവകാശികളില്ലാത്ത വീടുകൾ ഏറ്റെടുത്തും പ്രവാസികളിൽനിന്നും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരിൽനിന്നും സഹായം സ്വീകരിച്ചും തെരുവോരങ്ങളിൽ താമസിക്കുന്ന/അന്തിയുറങ്ങുന്നവർക്ക് താമസസൗകര്യം ഒരുക്കാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണം.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. സി. ആർ. മഹേഷ് ഹാജരില്ലാതിരുന്നതിനാൽ ബിൽ പരിഗണനയ്ക്കെടുത്തില്ല.)

(iv) 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന് കാലികപ്രസക്തിയുണ്ടെങ്കിലും സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങളും വിവേചനങ്ങളും പരിശോധിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പരിഷ്കരണ നിർദേശങ്ങളാണ് ബില്ലിൽ കൊണ്ടുവരേണ്ടിയിരുന്നത്. അവതാരകൻ നിർദേശിച്ച കാര്യങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി പുനർനിർവചിക്കേണ്ടതുണ്ട്. സ്ത്രീസൗഹൃദ തൊഴിലിടം സൃഷ്ടിക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ആയതിനാൽ ബിൽ പരിഗണിക്കാൻ നിർവാഹമില്ല.

ഡോ. എൻ. ജയരാജ്: സംസ്ഥാനത്ത് സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് ധാരാളം നിയമനിർമ്മാണങ്ങളും ഇടപെടലുകളുമുണ്ടെങ്കിലും തൊഴിലിടങ്ങളിലെ സ്ത്രീ പങ്കാളിത്തം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുറഞ്ഞ വേതനവും കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യതയും കാരണം തൊഴിൽ ലഭിക്കുന്നവർപോലും സ്വയം പിൻമാറുന്ന സാഹചര്യമാണുള്ളത്. മാതൃത്വ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുൻപും പിൻപും അനുയോജ്യമായ രീതിയിലുള്ള വർക്ക് ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ജെൻഡർ ബജറ്റിൽ വിഭാവനംചെയ്യുന്ന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും പരാതികൾ അറിയിക്കാനായി

എല്ലാ തൊഴിലിടങ്ങളിലും 'ഷീ ബോക്സ്' സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള നിരവധി നിർദേശങ്ങൾ ഈ ബില്ലിൽ വിഭാവനം ചെയ്തിട്ടുണ്ട്. കലാലയങ്ങളിൽ കരിക്കുലത്തോടൊപ്പം കലാ-കായിക-സാംസ്കാരിക പഠനംകൂടി ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തണം. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സ്ത്രീ സൗഹൃദ തൊഴിലിടവൽക്കരണ സമിതി രൂപീകരിക്കണം. തൊഴിലിടങ്ങളിൽനിന്ന് ദീർഘകാല അവധിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് റീസ്കില്ലിങിനുള്ള സംവിധാനം ഒരുക്കേണ്ടത് അനിവാര്യമാണ്. (ചർച്ച തുടരും)

(v) 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. നജീബ് കാന്തപുരം ഹാജരില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച:

(i) 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ii) 2021-ലെ കേരള ആരാധാനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

(ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ഐ. മധുസൂദനൻ എന്നീ അംഗങ്ങൾ ഹാജരില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(iii) 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി സി. കെ. ആശ: പാഴ്‌വസ്തു ശേഖരണ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. മാലിന്യമുക്ത നവകേരളത്തിനുവേണ്ടി അഭിമാനാർഹമായ പങ്കുവഹിക്കുന്നവരാണ് പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾ. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഉപയോഗശൂന്യമായ വീട്ടുപകരണങ്ങളും പാഴ്‌വസ്തുക്കളും ഉപേക്ഷിക്കപ്പെടുന്ന പാഴ്‌വസ്തുക്കളും ശേഖരിച്ച് വൻകിട സ്ക്രാപ് ശേഖരിക്കുന്നവർക്ക് നൽകുമ്പോൾ തുച്ഛമായ തുക നൽകി ഇവരെ ചൂഷണത്തിന് വിധേയരാക്കുകയാണ്. പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾക്ക് പ്രഥമ പരിഗണന നൽകി അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും വേണം. പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നവരെ തൊഴിലാളികളായി അംഗീകരിച്ച് ക്ഷേമനിധി രൂപീകരിക്കുന്നതിനും പെൻഷൻ സ്കീം ഏർപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ആരോഗ്യ കേന്ദ്രങ്ങൾ വഴി ഇവർക്ക് മാസ്ക്, സാനിറ്റൈസർ, കൈയുറ, യൂണിഫോം, ചികിത്സാ സഹായം, മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ അവതരിപ്പിക്കുമ്പോൾത്തന്നെ സർക്കാർ ബില്ലിനെ എതിർത്തുകൊണ്ടുള്ള

നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അന്ന് എതിർത്ത കാരണങ്ങൾ കൊണ്ടുതന്നെ ഇപ്പോഴും ഈ ബിൽ പരിഗണിക്കാനാകില്ല. അതുകൊണ്ട് തുടർ ചർച്ച ആവശ്യമില്ല.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(സഭ ഉച്ചയ്ക്കുശേഷം 12.21-ന് പിരിഞ്ഞു.)

* * * * *